മെമ്മോറാണ്ടത്തിൽ പറയുന്ന പ്രധാനമായ ആവശ്യങ്ങൾ. ഈ ആവശ്യങ്ങൾ മുൻനിർത്തിയാണ് ഇപ്പോൾ അവർ സത്യാഗ്രഹം നടത്തുന്നത്. ബജറ്റ് പ്രസംഗത്തിൽ അവതരിപ്പിച്ച ആവശ്യങ്ങളിൽ പലതിനും നടപടികൾ സർക്കാർ.... ....(ബഹളം).....ഇതിനകം തന്നെ എടുത്തു കഴിഞ്ഞിട്ടുണ്ട്. പ്രകൃതി ക്ഷോഭം മൂലം കൃഷിക്കാർക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇപ്പോൾ തന്നെ പരിഹാരം നല്കുന്നുണ്ട്. നഷ്ടപരിഹാരത്തിന്റെ തോത് കഴിഞ്ഞവർഷം ഗണ്യമായി വർദ്ധിപ്പിക്കുകയുണ്ടായി. ഇറക്കുമതി ചെയ്ത കൊപ്ര വിപണനം ചെയ്യുന്നത് നിർത്തിവയ്ക്കാൻ എസ്. ഡി. സി. യോട് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. വെളിച്ചെണ്ണയോ കൊപ്രയോ ആസന്ന ഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ലെന്ന് കേന്ദ്ര ഗവൺമെന്റ് ഉറപ്പ് നല്കിയിട്ടുണ്ട്. നാളികേരത്തിന്റെ സംരേണവും വിപണനവും സംബന്ധിച്ച് വിപുലമായ ഒരു പദ്ധതി തയ്യാറാക്കി എൻ. സി. ഡി. സി. യുടെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. അതുപോലെ മറ്റു കാർഷിക വിളകൾക്ക് തക്കതായ വിലകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്. മലയോര കർഷകർക്ക് പട്ടയം നല്കുന്ന കാര്യം കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്തി വരികയാണ്. വൻപിച്ച ജലസേചന പദ്ധതികൾ കഴിയുന്നതും വേഗത്തിൽ പൂർത്തിയാക്കുന്നതിനും ഭൂഗർഭജലം പരമാവധി പ്രയോജനപ്പെടുത്തുവാനുമുള്ള നടപടികൾ എടുത്തു കഴിഞ്ഞു. വൻപിച്ച സാമ്പത്തിക ബുദ്ധിമുട്ട് കാരണം കാർഷിക കടങ്ങൾ റദ്ദ് ചെയ്യുന്നതിനോ റവന്യൂ നടപടികൾ നിർത്തി വയ്ക്കുന്നതിനോ ബുദ്ധിമുട്ടുണ്ട്. നെൽക്കൃഷിക്കാരെ സഹായിക്കുന്നതിനായി സർക്കാർ വളരെയധികം നടപടികൾ എടുത്തിട്ടുണ്ട്. ഗവൺമെന്റ് നേരത്തെ ഈ സഭയിൽ പ്രസ്താവിച്ചിരുന്നതുപോലെ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് ഉൾപ്പെടെയുള്ള ശുപാർശകൾ പരിശോധിച്ച് അധികം താമസിയാതെ നടപടികൾ സ്വീകരിക്കുന്നതാണ്. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെക്കുറിച്ചും ഈ സമരം ശാന്തമായി പര്യവസാനിപ്പിക്കുന്നതിനുംവേണ്ടി കർഷക സംഘടനകളുടെ പ്രതിനിധികളുമായി ഗവൺമെന്റ് ചർച്ച നടത്തുന്നതാണ്. ഈ സാഹചര്യത്തിൽ നിരാഹാര സത്യാഗ്രഹം പിൻവലിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

V റിപ്പോർട്ട് സമർപ്പണം

1. 1986-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986-ലെ കേരള പൊതു വില്പന (ഭേദഗതി) ബില്ലിനെ സംബന്ധിച്ച എട്ടാം സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ബിൽ സംബന്ധിച്ച രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമ സംഘം (ഭേദഗതി) ബിൽ സംബന്ധിച്ച രണ്ടാം സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly